ഉത്തരം

(എ) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ സംഭവിച്ച കൃഷിനാശത്തിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(ബി) കുഴൽമന്ദം മണ്ഡലത്തിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനു അപേക്ഷകൾ പരിശോധിച്ച് നടപടി കൈക്കൊണ്ടുവരുന്നു.

കേരള കാർഷിക സർവ്വകലാശാല നടത്തുന്ന ഗവേഷണങ്ങൾ

104 [387] ശ്രീ. ഇ. എം. അഗസ്തി :

,, എൻ. ഡി. അപ്പച്ചൻ :

,, എം. എ. ചന്ദ്രശേഖരൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സംഘടനകൾക്കും വേണ്ടി പ്രതിഫലം സ്വീകരിച്ചുകൊണ്ട് ഗവേഷണം നടത്തുന്ന എന്തെങ്കിലും പരിപാടി കേരള കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള കാർഷിക സർവ്വകലാശാല ഇപ്രകാരം ആർക്കെല്ലാം വേണ്ടി പ്രതിഫലം സ്വീകരിച്ചുകൊണ്ട് ഗവേഷണം നടത്തിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) ഈ ഗവേഷണങ്ങളുടെ ഫലമായി സർവ്വകലാശാലയ്ക്ക് ഈ കാലഘട്ടത്തിൽ എന്തു തുക പ്രതിഫലമായി കിട്ടിയിട്ടുണ്ട്?

ഉത്തരം

(എ ആന്റ് ബി) സർവ്വകലാശാല, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള ധനസഹായത്തോടെ ഗവേഷണ പദ്ധതികൾ നടത്തിവരുന്നുണ്ട്. ആംവേ ഇൻഡ്യ, എക്സൽക്രോപ് കെയർ ലിമിറ്റഡ്, ഗോദറേജ് അഗ്രോവെറ്റ് ലിമിറ്റഡ്, മുബൈ ഫെർട്ടിലൈസർ അസോസിയേഷൻ ഓഫ് ഇൻഡ്യ, നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി എന്നീ സ്ഥാപനങ്ങളുടെ ഗവേഷണങ്ങൾക്കു പുറമേ സ്വകാര്യ സ്ഥാപനങ്ങളുടെ കീടനാശിനി, കുമിൾനാശിനി തുടങ്ങിയ ഉൽപ്പന്നങ്ങളുടെ കാര്യക്ഷമത വിലയിരുത്തുവാൻ വേണ്ടിയുള്ള പരീക്ഷണങ്ങളും നടന്നുവരുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 19.46 ലക്ഷം രൂപ (പത്തൊൻപതു ലക്ഷത്തി നാല്പത്തി ആറായിരം രൂപ മാത്രം) സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്.

മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം

105 [388] ശ്രീ. ബിനോയ് വിശ്വം :

,, എം. കുമാരൻ :

,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണവകുപ്പിൽ കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ നിറുത്തലാക്കിയെന്നും, ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം കൃഷി വകുപ്പ്, ക്ഷീര വികസനവകുപ്പ് എന്നിവയിൽ ലയിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എത്ര സ്ഥാപനങ്ങൾ നിറുത്തലാക്കിയിട്ടുണ്ട്;

(ഇ) ഈ വകുപ്പിന്റെ കീഴിലുള്ള എത്ര ഏക്കർ സ്ഥലം മറ്റാവശ്യങ്ങൾക്കായി നൽകിയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്:

1. കന്നുകാലി വികസനത്തിനു വേണ്ടിയുള്ള മൃഗചികിൽസാ സേവനം-50%.
2. ഓപ്പറേഷൻ റിന്റർ പെസ്റ്റ്-100%.
3. കോഴി/താറാവ് വളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-80%.
4. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവെയും-50%.
5. സംസ്ഥാന വെറ്ററിനറി കൗൺസിൽ-50%.
6. അന്യം നിന്നുപോകുന്ന ജനുസുകളുടെ സംരക്ഷണം-100%

LIBRARY ARCHIVES Kerala Legislative Assembly